# ദിനവൃത്താന്തങ്ങൾ

ചിന്താവിഷയം

ക്രിസ്തുവിന്റെ കൃപയിലും ജ്ഞാനത്തിലും വളരുക

2 പത്രോസ് 3:18

**Grow in His Grace and Knowledge**



# പ്രവർത്തന കലണ്ടർ

## 2024

ആരാധന, പഠനം, സുകൃത ജീവിതം

# ഉള്ളടക്കം


| | |
|---|---|
| പ്രവർത്തനത്തിന് ഒരു ആമുഖം | 1 |
| 2023 വാർഷിക റിപ്പോർട്ട് | 3 |
| 2024 ലെ പ്രവർത്തന കലണ്ടർ | 6 |
| ബാലസമാജത്തിന്റെ ഒരു ദിവസം | 9 |
| ബാലസമാജം പ്രവർത്തകരുടെ കർത്തവ്യം | 10 |
| ബാലസമാജദിന പ്രാർത്ഥന | 10 |
| ബാലദിന പ്രതിജ്ഞ | 11 |
| ബാലസമാജം ഭദ്രാസന നേതൃത്വം | 12 |



Printed & Published by
Akhila Malankara Balasamajam, Kottayam
Printing : Visualsoft, 9847504660

# അഖില മലങ്കര ബാലസമാജം പ്രവർത്തനത്തിന് ഒരു ആമുഖം

കർത്താവിൽ പ്രിയ ബാലസമാജം പ്രവർത്തകരേ, വാത്സല്യ നിധികളായ കുഞ്ഞുങ്ങളേ,

മലങ്കര സഭയിൽ 5 മുതൽ 17 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ ആദ്ധ്യാത്മിക ജീവിതം കരുപിടിപ്പിക്കുക, ദൈവവിശ്വാസത്തിൽ വളരുക, സഭയുടെ സത്യവിശ്വാസം കാത്ത് സൂക്ഷിക്കുക, സമൂഹത്തിൽ മൂല്യബോധമുള്ള തലമുറയെ രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സഭയിൽ പതിറ്റാണ്ടുകൾക്ക് മുമ്പ് ആരംഭിച്ച ആത്മീയ സംഘടനയാണ് അഖില മലങ്കര ബാലസമാജം. അഖില മലങ്കര തലത്തിലും ഭദ്രാസന തലത്തിലും ഇടവക തലത്തിലും പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കു വേണ്ടി ത്യാഗപൂർണ്ണമായി സേവനം ചെയ്യുന്ന എല്ലാ പ്രവർത്തക രോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു. മലങ്കര സഭയുടെ ഭാവി തലമുറയെ രൂപപ്പെടുത്തുന്ന ഈ പ്രസ്ഥാനത്തിൽ പ്രവർത്തിക്കുവാൻ ദൈവം തന്ന ഒരു അവസരമായി കരുതി ഉത്സാഹത്തോടും സമർപ്പണത്തോടും കൂടി എല്ലാവരും പ്രവർത്തിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. ബാലസമാജത്തിന്റെ ഒരു വർഷത്തെ പ്രവർത്തനകാലം ജനുവരി മുതൽ ഡിസംബർ വരെ ആണല്ലോ. വി. മത്തായി 7:7 അന്വേഷിക്കുക, യാചിക്കുക, മുട്ടുക Ask, Seek, Knock (ASK)എന്ന ചിന്താവിഷയം അടിസ്ഥാനമാക്കി കഴിഞ്ഞ ഒരു വർഷക്കാലം പ്രവർത്തിക്കാൻ കഴിഞ്ഞതിൽ ദൈവത്തെ മഹത്വപ്പെടുത്താം. 10 ഭദ്രാസനങ്ങളിൽ നിന്നുള്ള ബാലസമാജം എന്നതിൽ നിന്ന് ഇപ്പോൾ 17 ഭദ്രാസനങ്ങൾ എന്നുള്ള ബാലസമാജത്തിന്റെ സജീവസാന്നിദ്ധ്യം പ്രവർത്തനവും ഈ കാലയളവിൽ ഉണ്ടായെന്നുള്ളത് സന്തോഷത്തോടെ അറിയിക്കട്ടെ. അതോടൊപ്പം പരുമലയിൽ വച്ചു നടന്ന വാർഷിക ക്യാമ്പിൽ 1100 കുട്ടികൾ പങ്കെടുത്തത് ഈ പ്രസ്ഥാനത്തെ എത്രമാത്രം മലങ്കര സഭയിലെ കുഞ്ഞുങ്ങൾ ഏറ്റെടുത്തു എന്നതും ബാലസമാജത്തിനായി ഒരു വെബ്സൈറ്റ് ആരംഭിച്ചതും, കുട്ടികളുടെ സർഗാത്മകശേഷി പ്രകടിപ്പിക്കുവാനും ബാല സമാജത്തിന്റെ വാർത്തകൾ അറിയുവാനും ആരംഭിച്ച ബാലമിത്രം എന്ന മുഖപത്രവും കഴിഞ്ഞവർഷത്തെ ബാലസമാജ പ്രവർത്തനങ്ങളുടെ പ്രശംസനീയമായ കാര്യങ്ങ ളാണ്.

കഴിഞ്ഞ ഒരു വർഷക്കാലം ഈ പ്രസ്ഥാനത്തെ അനുഗ്രഹത്തോടെ പ്രസിഡന്റ് എന്ന നിലയിൽ നേതൃത്വം നൽകുവാൻ സഹായിച്ച ദൈവത്തെ

മഹത്വപ്പെടുത്തുന്നു. നമ്മോടൊപ്പം നേതൃത്വം നൽകുന്ന വൈസ് പ്രസിഡന്റ് റവ. ഫാ. ചെറിയാൻ ജേക്കബ്, ജനറൽ സെക്രട്ടറി റവ. ഫാ. ജിം എം. ജോർജ്ജ്, ജോയിന്റ് സെക്രട്ടറിമാരായ ശ്രീ. ലിപിൻ പുന്നൻ ശ്രീമതി മഞ്ജു ജിസ്സൻ ട്രഷറാർ തലിൻ മാത്യൂസ് എന്നിവരേയും നന്ദിയോടെ ഓർക്കുന്നു. കൂടാതെ ഭദ്രാസനതലങ്ങളിലും യൂണിറ്റുതലങ്ങളിലും ശക്തമായ നേതൃത്വം നൽകി കൊണ്ടിരിക്കുന്ന ബഹുമാന പ്പെട്ട വൈദികരെയും എല്ലാ സഹോദരങ്ങളെയും പ്രത്യേകം നാം അനുമോദിക്കുന്നു. കൂടുതൽ കാര്യക്ഷമമായി തുടർവർഷങ്ങളിലും പ്രവർത്തിക്കുവാൻ ഏവർക്കും കഴി യട്ടെ എന്നു പ്രാർത്ഥിക്കുന്നു.

നമ്മുടെ ഈ വർഷത്തെ നമ്മുടെ ചിന്താവിഷയം "ക്രിസ്തുവിന്റെ കൃപ യിലും ജ്ഞാനത്തിലും വളരുക" (2 പത്രോസ് 3:18) “Grow in His Grace and Knowledge” (2 Pet. 3:18) എന്നുള്ളതാണ്. 2024ലെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് ജനുവരി 13 ശനിയാഴ്ച കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് നടക്കുന്ന ബാലസമാജത്തിന്റെ നേതൃത്വ പരിശീലന ക്യാമ്പിൽ പ്രവർത്തന കലണ്ടർ ഉദ്ഘാടനം ചെയ്ത് പ്രസിദ്ധീകരിക്കുന്നതാണ്. അതോടൊപ്പം സന്തോഷത്തോടെ ഒരു കാര്യം നിങ്ങളെ അറിയിക്കുന്നു ഇതുവരെ പരി. സഭ ബാലസമാജത്തിന്റെ പ്രവ ർത്തനങ്ങൾക്കായി നൽകിയ ഗ്രാന്റ് തുക 50,000 രൂപയായിരുന്നു. എന്നാൽ ഈ വർഷം മുതൽ അത് 1,00,000 രൂപയായി വർദ്ധിപ്പിച്ചത് പരിശുദ്ധ സഭ ഈ പ്രസ്ഥാനത്തെ എത്ര മാത്രം കരുതുന്നു ശ്രദ്ധിക്കുന്നു എന്നുള്ളതിന്റെ വെളിപ്പെടുത്തൽ കൂടിയാണ്. അതിനായി അദ്ധ്വാനിച്ചവരെയും പ്രവർത്തിച്ചവരെയും ഈ അവസരത്തിൽ അനുമോ ദിക്കുന്നു. ഇടവക, ഡിസ്ട്രിക്ട്, ഭദ്രാസന തലങ്ങളിൽ ചിട്ടയോടും കൃത്യതയോടും കാര്യങ്ങൾ നിർവഹിക്കണം. ഏവരുടേയും പ്രാർത്ഥനയും കൂട്ടായ പ്രവർത്തനവും തുടർന്ന് ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു.

Mar Dionysius Joseph

**അഭി. ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത**
**(കേന്ദ്ര ബാലസമാജം പ്രസിഡന്റ്)**

# 2023 വാർഷിക റിപ്പോർട്ട്

**ത്രീയേക ദൈവത്തിനു സ്തുതി**

കർത്താവിൽ പ്രിയ ബാലസമാജം പ്രവർത്തകരെ,

ആരാധന, പഠനം, സുകൃത ജീവിതം എന്ന ആപ്തവാക്യം അടിസ്ഥാനമാക്കി മലങ്കര ഓർത്തഡോക്സ് സഭയിലെ 5 മുതൽ 17 വയസ്സു വരെ പ്രായമുള്ള കുട്ടികളുടെ ആധ്യാത്മീക ജീവിതം കരുപ്പിടിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മലങ്കര സഭയിൽ പതിറ്റാണ്ടുകൾക്ക് മുമ്പ് ആരംഭിച്ചതും 1982ൽ പരിശുദ്ധ സുന്നഹദോസ് അംഗീകരിച്ച് പ്രവർത്തനം നടത്തിവരുന്നതുമായ ആത്മീക സംഘടനയാണ് അഖില മലങ്കര ബാലസമാജം. ബാലസമാജത്തിന്റെ 2023ലെ പ്രവർത്തനങ്ങൾ ദൈവകൃപയാൽ വളരെ ചിട്ടയായും ക്രമമായും നടത്തുവാൻ കഴിഞ്ഞു എന്നതിൽ ദൈവത്തെ മഹത്വപ്പെടുത്താം. അഭി. ഡോ.ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത പ്രസിഡന്റ് ആയും, റവ. ഫാ. ചെറിയാൻ ജേക്കബ് വൈസ് പ്രസിഡന്റ് ആയും റവ. ഫാ. ജിം. എം. ജോർജ്ജ് ജനറൽ സെക്രട്ടറിയായും ശ്രീ. ലിപിൻ പുന്നൻ, ശ്രീമതി മഞ്ചു ജിസ്സൻ എന്നിവർ ജോയിന്റ് സെക്രട്ടറിമാരായും ശ്രീ. തലിൻ മാത്യൂസ് ട്രഷറാർ ആയും പ്രവർത്തിച്ചു വരുന്നു. 2023 മെയ് മാസം 1-ാം തീയതി മുതൽ ഈ കേന്ദ്ര എക്സിക്യൂട്ടീവ് കമ്മറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തനം നടത്തി വരുന്നു.

വി.മത്തായി 7:7 യാചിക്കുക, അന്വേഷിക്കുക, മുട്ടുക Ask, Seek, Knock (ASK) എന്ന ചിന്താവിഷയത്തെ അടിസ്ഥാനമാക്കി കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ നടപ്പിലാക്കി.

## നേതൃത്വപരിശീലന ക്യാമ്പ്

2023 ജൂൺ 10ന് കൊല്ലം ഭദ്രാസനത്തിലെ കുണ്ടറ സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ വച്ച് ഒരു നേതൃത്വ പരിശീലന ക്യാമ്പ് നടത്തുകയുണ്ടായി. ബാലസമാജത്തിന്റെ നേതൃത്വനിരയിലുള്ള 110 അംഗങ്ങൾ ഈ ക്യാമ്പിൽ പങ്കെടുത്തു. ക്യാമ്പിൽ വച്ച് അഭി. ഡോ. ജോസഫ് മാർ ദിവന്നാസിയോസ് തിരുമനസ്സുകൊണ്ട് ബാലസമാജത്തിന്റെ 2023ലെ പ്രവർത്തന കലണ്ടർ പ്രസിദ്ധീകരിച്ച് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. അതിനുശേഷം പ്രവർത്തകരെല്ലാവരും ചേർന്ന് കുണ്ടറ സെമിനാരി സന്ദർശിക്കുകയും പ്രാർത്ഥന നടത്തുകയും ചെയ്തു.

## കേന്ദ്ര കലാമേള

ഈ വർഷത്തെ കേന്ദ്ര കലാമേള 2023 ആഗസ്റ്റ് മാസം 12-ാം തീയതി രണ്ടു സോണുകളിലായി നടത്തപ്പെടുകയുണ്ടായി. സൗത്ത് സോണിലെ കലാമേള

തിരുവല്ല എം.ജി.എം. ഹയർ സെക്കന്ററി സ്കൂളിൽ വച്ചും നോർത്ത് സോൺ കൊരട്ടി അരമനയിൽ വച്ചും വളരെ ഭംഗിയായി നടത്തി. സൗത്ത് സോണിൽ സഭാ അസ്സോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മനും നോർത്ത് സോണിൽ കൊരട്ടി അരമന മാനേജർ റവ. ഫാ. വർഗീസ് ഉമ്മനും കലാമേളകൾ ഉദ്ഘാടനം ചെയ്തു. സൗത്ത് സോണിൽ 335 കുട്ടികളും നോർത്ത് സോണിൽ 192 കുട്ടികളും വിധി കർത്താക്കളായി വിവിധ ഭദ്രാസനങ്ങളിൽ നിന്ന് 16 വൈദികരും ഇതിൽ പങ്കെടുത്തു. കലാമേള ഒരു വൻവിജയമാക്കി തീർക്കുവാൻ സഹായിച്ച ഏവരോടുമുള്ള നന്ദി ഈ സമയത്ത് അറിയിക്കുന്നു.

## വാർഷിക ക്യാമ്പ്

അഖില മലങ്കര ബാലസമാജത്തിന്റെ 41–ാമത് വാർഷിക ക്യാമ്പ് ഒരു ചരിത്ര വിജയമായിരുന്നു. ഒക്ടോബർ 22, 23, 24 തീയതികളിൽ പരുമല പള്ളിയിൽ വച്ച് നടന്ന വാർഷിക ക്യാമ്പിൽ 17 ഭദ്രാസനങ്ങളിൽ നിന്നും 1100 ഓളം കുട്ടികൾ പങ്കെടുത്തു. ക്യാമ്പിന്റെ ഉദ്ഘാടന സമ്മേളനം പ്രസ്ഥാനം പ്രസിഡന്റ് അഭി. ഡോ. ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനി നിർവ്വഹിക്കുകയും ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭി. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് തിരുമനസ്സ് അനുഗ്രഹ പ്രഭാഷണം നടത്തുകയും ചെയ്തു. കുട്ടികൾക്ക് ആത്മീകവും ഭൗതികവുമായ വളർച്ചയ്ക്ക് ഉതകത്തക്കവിധമുള്ള ക്ലാസ്സുകൾ ക്രമീകരിക്കുവാൻ ക്യാമ്പിന് കഴിഞ്ഞു.സമാപന സമ്മേളനം നിരണം ഭദ്രാസനാധിപൻ അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തിരുമേനി ഉദ്ഘാടനം നിർവ്വഹിക്കുകയും കേന്ദ്ര കലാമേളകളിൽ വിജയികളായവർക്ക് മെമെന്റോയും ഓവറോൾ ചാമ്പ്യൻഷിപ്പിൽ സൗത്ത് സോണിൽ 48 പോയിന്റോടുകൂടി മാവേലിക്കര ഭദ്രാസനം ഒന്നാം സ്ഥാനവും 45 പോയിന്റോടുകൂടി നിരണം ഭദ്രാസനം രണ്ടാം സ്ഥാനവും 36 പോയിന്റോടുകൂടി തിരുവനന്തപുരം ഭദ്രാസനം മൂന്നാം സ്ഥാനവും നോർത്ത് സോണിൽ കണ്ടനാട് ഭദ്രാസനം 54 പോയിന്റോടുകൂടി ഒന്നാമതും കോട്ടയം ഭദ്രാസനം 48 പോയിന്റോടുകൂടി രണ്ടാം സ്ഥാനവും 39 പോയിന്റോടുകൂടി മലബാർ ഭദ്രാസനം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികളായ എല്ലാ വർക്കും ട്രോഫികൾ വിതരണം ചെയ്തു. അതോടൊപ്പം പങ്കെടുത്ത എല്ലാ കുട്ടികൾക്കും സമ്മാനം നൽകുകയും ചെയ്തു. അഖിലമലങ്കര ബാലസമാജത്തിന്റെ പ്രവർത്തന നാൾവഴികളിൽ ഒരു മുഖപത്രം ബാലമിത്രം എന്ന പേരിൽ ഓൺലൈനായി പുറത്തിറക്കുകയും, www.akhilamalankarabalasamajam.com എന്ന പേരിൽ ഒരു വെബ്സൈറ്റും ഉദ്ഘാടനം ചെയ്യുവാൻ സാധിച്ചുവെന്നത് ഈ വർഷത്തെ പ്രവർത്തനങ്ങളിൽ ഏറ്റവും മികവുറ്റത് തന്നെയാണ്. ബാലമിത്രം എന്ന പേര് നിർദ്ദേശിച്ച കുമാരി ഈവ് അന്ന അനിൽ, കുമാരി ആൻ മരിയ എന്നിവരെ പ്രത്യേകം അനുമോദിക്കുന്നു. ഈ ക്യാമ്പ് ഏറ്റവും അനുഗ്രഹപ്രദമായി നടത്തുവാൻ സഹായിച്ച പരി. ബാവാ തിരുമേനിയോടും, അഭി. പിതാക്ക

ന്മാരോടും, സഭാ സ്ഥാനികളോടും, പരുമല സെമിനാരി മാനേജർ വന്ദ്യ റവ. പോൾ റമ്പാച്ചനോടും, പരുമല സെമിനാരി സ്റ്റാഫ് അംഗങ്ങൾ, പരുമല ഹോസ്പിറ്റൽ മാനേജ്മെന്റ്, നേഴ്സിംഗ് കോളജ് പ്രിൻസിപ്പാൾ, ഹോസ്റ്റൽ വാർഡന്മാർ, വൈദിക ശ്രേഷ്ഠർ, വിവിധ ഭദ്രാസനങ്ങളിലെ ബാലസമാജത്തിന്റെ സഹപ്രവർത്ത കരോടുമുള്ള നന്ദി അറിയിക്കുന്നു.

## ബാലദിനം

യോഹന്നാൻ മാംദാനയുടെ ജന്മദിനം അഖിലമലങ്കര ബാലസമാജം ബാലദിനമായി ആചരിച്ചു വരുന്നു. ഈ വർഷവും ഡിസംബർ 10-ാം തീയതി ബാലദിനമായി ആചരിച്ചു. അന്നേ ദിവസം പള്ളികളിൽ ബാലസമാജാംഗങ്ങൾ കുർബ്ബാനയ്ക്കു ശേഷം ബാലദിന സന്ദേശം നൽകുകയും ബാലദിന പ്രതിജ്ഞ എടുക്കുകയും പ്രാർത്ഥന നടത്തുകയും ചെയ്തു. കഴിഞ്ഞവർഷം ബാലസമാജം നടത്തിയ ഓരോ പ്രവർത്തനങ്ങളും കുഞ്ഞുങ്ങൾക്ക് ആത്മീക നിറവിനും സർഗ്ഗാത്മകത വർദ്ധിപ്പിക്കുന്നതിനും ഒരു പുത്തൻ ഉണർവ്വിനും കാരണമായി എന്നതിൽ നമുക്കഭിമാനിക്കാം.

ബാലസമാജത്തിന്റെ മുൻകാല ഭാരവാഹികളെ ഈ സമയത്ത് നന്ദിയോടെ സ്മരിക്കുന്നു. അഭി. അലക്സിയോസ് മാർ യൗസേബിയോസ് തിരുമേനിയോടും വൈസ് പ്രസിഡന്റായി പ്രവർത്തിച്ച റവ. ഫാ. ബിജു പി. തോമസ്, ജനറൽ സെക്രട്ടറി റവ. ഫാ. ജിത്തു തോമസ്, ഭദ്രാസന സെക്രട്ടറിമാരോടും, കേന്ദ്ര ഭദ്രാസന കമ്മിറ്റിയംഗങ്ങൾ, മറ്റു പ്രവർത്തകരോടുമുള്ള നന്ദി ഈ സമയത്ത് അറിയിക്കുന്നു.

ഇക്കാലയളവിൽ 6 കേന്ദ്രകമ്മറ്റികളും 3 കേന്ദ്ര എക്സിക്യൂട്ടീവ് മീറ്റിംഗുകളും നടന്നു. 2023 ലെ പ്രവർത്തനങ്ങൾ വളരെ ഭംഗിയായും ക്രമമായും നടത്തുന്ന തിനു വേണ്ട നേതൃത്വവും നിർദ്ദേശങ്ങളും നൽകി ഞങ്ങളെ അനുഗ്രഹിക്കുന്ന പ്രസ്ഥാനം പ്രസിഡന്റ് അഭി. ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ യോടും വൈസ് പ്രസിഡന്റ് റവ. ഫാ. ചെറിയാൻ ജേക്കബ്, ജോയിന്റ് സെക്രട്ടറി മാരായി പ്രവർത്തിച്ച ശ്രീ. ലിപിൻ പുന്നൻ,ശ്രീമതി മഞ്ജു ജിസ്സൻ, ട്രഷറാർ ശ്രീ. തലിൻ മാത്യൂസ്, ഭദ്രാസന വൈസ് പ്രസിഡന്റുമാർ, കേന്ദ്രകമ്മിറ്റിയംഗങ്ങൾ മറ്റ് പ്രവർത്തകർ എന്നിവരോടുള്ള കൃതജ്ഞത ഈ സമയത്ത് അറിയിക്കുന്നു. സമാജത്തിന്റെ പ്രവർത്തനങ്ങൾക്കായി സാമ്പത്തികമായി സഹായിച്ചവർ കൈത്താങ്ങൽ നൽകിയവർ ഏവരോടുമുള്ള ഹൃദയംഗമായ നന്ദി അറിയിക്കുന്നു. തുടർവർഷങ്ങളിലും നമ്മുടെ കുഞ്ഞുങ്ങൾക്കിടയിൽ ഊർജ്ജസ്വലമായി മാതൃക യോടെ പ്രവർത്തിക്കുവാൻ നമുക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

**ഫാ. ജിം. എം. ജോർജ്ജ്**
(ജനറൽ സെക്രട്ടറി)

# 2024 ലെ പ്രവർത്തന കലണ്ടർ

പ്രിയപ്പെട്ട ബാലസമാജം പ്രവർത്തകരെ, ബാലസമാജം അംഗങ്ങളെ,

കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി പൂർത്തീകരിക്കുവാൻ കഴിഞ്ഞു എന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. 2024 വർഷത്തെ കേന്ദ്ര – ഭദ്രാസന – ഡിസ്ട്രിക്ട് പ്രവർത്തനങ്ങൾക്ക് ഏകീകരണം സാധ്യമാകുന്ന തരത്തിൽ പ്രവർത്തന കലണ്ടർ സമർപ്പിക്കുന്നു. .

1. **ചിന്താവിഷയം : ക്രിസ്തുവിന്റെ കൃപയിലും ജ്ഞാനത്തിലും വളരുക.**

**Grow in His Grace and Knowledge**

**2 പത്രോസ് 3:18**

2. **നേതൃത്വ പരിശീലന ക്യാമ്പ്**

അഖില മലങ്കര ബാലസമാജം നേതൃത്വ പരിശീലന ക്യാമ്പ് സൗത്ത് സോണും നോർത്ത് സോണും സംയുക്തമായി തന്നാണ്ടിൽ കോട്ടയം ഏലിയാ കത്തീഡ്രലിൽ വച്ച് 2024 ജനുവരി 13 ശനിയാഴ്ച രാവിലെ 9.30 മുതൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ബാലസമാജം കേന്ദ്രഭാരവാഹികൾ, ഭദ്രാസന വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡിസ്ട്രിക്ട് സെക്രട്ടറിമാർ എന്നിവർ നേതൃത്വ പരിശീലന ക്യാമ്പിൽ നിർബന്ധമായും സംബന്ധിക്കേണ്ടതാണ്.

3. **കലാമത്സരങ്ങൾ 2024 ജൂലൈ 13**

സൗത്ത് സോൺ പത്തനംതിട്ട കാതോലിക്കേറ്റ് ഹയർസെക്കന്ററി സ്കൂളിലും, നോർത്ത് സോൺ കൊരട്ടി അരമനയിലും വച്ച് നടത്തപ്പെടുന്നു.

**പ്രായപരിധി**

**സബ്ജൂനിയർ** 01.01.2015 ലോ അതിനു ശേഷമോ ജനിച്ചവർ
**ജൂനിയർ** 01.01.2012 മുതൽ 31.12.2014 വരെ ജനിച്ചവർ
**സീനിയർ** 01.01.2007 മുതൽ 31.12.2011 വരെ ജനിച്ചവർ

പ്രായപരിധി തെളിയിക്കുന്നതിന് വികാരിയുടെ സാക്ഷ്യപത്രം ഉണ്ടായിരിക്കണം.

**മത്സര ഇനങ്ങൾ**

| | 3 Minutes | 5 Minutes | 10 Minutes | 30 Minutes |
|---|---|---|---|---|
| Sub Junior | Action Song (Malayalam) | Bible Story Telling | - | Colouring (Crayons only) |
| Junior | Single Song (Syriac) | Speech | - | Bible Story Writing Water Colouring |

| | | | | |
|---|---|---|---|---|
| Senior | Group Song<br>50 നോമ്പിലെ നമസ്കാര ഗീതങ്ങൾ | - | ബൈബിൾ കഥാപ്രസംഗം | Essay Writing<br>Pencil Drawing |
| Quiz Junior & Senior | പഴയ നിയമം രൂത്തിന്റെ പുസ്തകം<br>പുതിയ നിയമം 1 പത്രോസ് 1, 2 അദ്ധ്യായങ്ങൾ<br>പരി. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവ – ജീവചരിത്രം<br>വി.കുമ്പസാരം, തൈലാഭിഷേകം | | | |

കിസ് മത്സരത്തിന് ഒരു ടീമിൽ 3 ൽ കൂടുതൽ അംഗങ്ങൾ പാടില്ല

**പ്രസംഗ വിഷയം**

*ക്രിസ്തുവിന്റെ കൃപയിലും ജ്ഞാനത്തിലും വളരുക (2 പത്രോസ് 3:18)*

*Grow in His Grace and Knowledge* (2 Pet. 3:18)

**മത്സര സമയക്രമം**

- യൂണിറ്റ് തലം മെയ് 19 ന് മുമ്പായി പൂർത്തീകരിക്കണം.
- ഡിസ്ട്രിക്ട് തലം ജൂൺ 9 ന് മുമ്പായി പൂർത്തീകരിക്കണം.
- ഭദ്രാസനതലം ജൂൺ 23 ന് മുമ്പായി പൂർത്തീകരിക്കണം.
- ഭദ്രാസന മത്സര വിജയികളുടെ പേര് വിവരങ്ങൾ **ജൂലൈ 2** ന് മുമ്പായി കേന്ദ്ര ജനറൽ സെക്രട്ടറിയെ ഏൽപ്പിച്ചിരിക്കണം.
- ഭദ്രാസനത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് സോണൽതല മത്സരങ്ങളിൽ പങ്കെടുക്കാം.
- സോണൽതല മത്സരങ്ങൾ ജൂലൈ മാസം 13-ാം തീയതി നടത്തപ്പെടുന്നതാണ്.

**4. വാർഷിക ക്യാമ്പ് : 2024 ഒക്ടോബർ 11, 12, 13**

അഖില മലങ്കര ബാലസമാജം 42-ാമത് വാർഷിക ക്യാമ്പ് 2024 ഒക്ടോബർ 11, 12, 13 തീയതികളിൽ നടത്തപ്പെടുന്നു. അഭിവന്ദ്യ തിരുമേനിയുടെ കൽപ്പനയും വിശദമായ നോട്ടീസും പിന്നീട് എല്ലാവർക്കും എത്തിക്കുന്നതാണ്.

**5. ബാലദിനാചരണം**

വി. യോഹന്നാൻ മാംദാനയുടെ ജന്മദിനം ഇടവകകളിൽ ബാലദിനമായി ആചരിക്കുകയും ബാലസമാജത്തിന് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം. വി. കുർബ്ബാന മദ്ധ്യേ കുട്ടികളെക്കൊണ്ട് പ്രസംഗിപ്പിക്കുക, ബാലസമാജാംഗങ്ങൾ വി.കുർബ്ബാന അനുഭവിക്കുക, ബാലദിന റാലി നടത്തുക, ബാലദിന പ്രതിജ്ഞ എടുപ്പിക്കുക മുതലായവ ചെയ്യാവുന്നതാണ്.

6. **യൂണിറ്റ് രജിസ്ട്രേഷൻ**

ഓരോ യൂണിറ്റുകളും ഭദ്രാസന അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യുകയും അതാത് ഭദ്രാസനങ്ങൾ മെയ് 19 ന് മുമ്പായി കേന്ദ്രതലത്തിൽ രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ടതുമാണ്.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ച് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ യൂണിറ്റ്, ഡിസ്ട്രിക്റ്റ്, ഭദ്രാസനതല ഭാരവാഹികൾ വേണ്ട ക്രമീകരണങ്ങൾ ചെയ്യണമേ. ബഹു. ഇടവക വികാരിമാരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് അവരോട് ആലോചിച്ചും എല്ലാ കാര്യങ്ങളും നിർവ്വഹിക്കേണമേ.

പ്രാർത്ഥനയോടെ സ്നേഹപൂർവ്വം

കോട്ടയം
ജനുവരി 13, 2024

ഫാ. ചെറിയാൻ ജേക്കബ് (വൈസ് പ്രസിഡന്റ്)
ഫാ. ജിം. എം. ജോർജ്ജ് (ജനറൽ സെക്രട്ടറി)

## BALASAMAJAM OFFICE BEARERS

| | | |
|---|---|---|
| President | : | H.G. Dr. Joseph Mar Dionysius Metropolitan<br>Orthodox Bishops House, Cross Jn, Kollam - 1<br>Ph: 9425553147, Email:josephdionysius@gmail.com |
| Vice President | : | Rev. Fr. Cherian Jacob<br>Mylakalil, Thirumoolapuram, Thiruvalla<br>Ph: 9446600957, Email: binu9719@mgail.com |
| General Secretary | : | Rev Fr. Jim M. George<br>Malayilparambil, Mathoor P.O. Pathanamthitta<br>Ph: 9961595167, Email:jimmgeorge99@gmail.com |
| Joint Secretaries | : | Mr. Lipin Punnan<br>Lipin Nivas, Chengamanadu P.O. Kottarakkara<br>Ph: 9947221219, Email: zionlipin@gmail.com |
| | : | Mrs. Manju Jissan<br>Oleevia, Muthupilakkadu, Sasthamkotta<br>Ph: 9946315432, Email: manjujissan@gmail.com |
| Treasurer | : | Mr. Thalin Mathews Abraham<br>Mattel, Pragathi, Pampady South P.O. Kottayam<br>Ph: 9497756923, Email: minjumattel@gmail.com |

# ബാലസമാജത്തിന്റെ ഒരു ദിവസം

1. ഒരു ക്രിസ്തീയ ഗാനം പാടണം
2. വി.വേദപുസ്തകം വായിക്കുക (ഒരു അധ്യായം)
3. യോഗത്തിന് അദ്ധ്യക്ഷൻ ഉണ്ടായിരിക്കണം. അദ്ദേഹം യോഗം നിയന്ത്രിക്കണം. ഉപക്രമപ്രസംഗം നിർവ്വഹിക്കണം.
4. സ്വാഗത പ്രസംഗം ഒരാൾ നടത്തണം.
5. ജനറൽ സെക്രട്ടറി കഴിഞ്ഞ ആഴ്ചയിലെ യോഗത്തിന്റെ റിപ്പോർട്ട് വായിക്കുക
6. ഒരു പ്രസംഗം (5 മിനിറ്റ്)
7. ക്വിസ്സ് (5 മിനിറ്റ്)
   a) വേദപുസ്തകത്തിലെ ഏതെങ്കിലും
   b) ആരാധനാപരമായ ചോദ്യങ്ങൾ
   c) സഭാ ചരിത്രപരമായ ചോദ്യങ്ങൾ
8. കഴിഞ്ഞ ദിവസങ്ങളിൽ ഓർമ്മ ആചരിച്ച പിതാക്കന്മാരുടെ ലഘുവിവരണം
9. കഴിഞ്ഞ ദിവസങ്ങളിൽ ലോകത്തിൽ നടന്ന പ്രധാന സംഭവങ്ങൾ ചർച്ച ചെയ്യുക.
10. പുതിയ ആഴ്ചയിലെ പ്രോഗ്രാമിന് ആളിനെ ക്രമീകരിക്കുക.
11. ഒരു അദ്ധ്യക്ഷനെ തെരഞ്ഞെടുക്കുക. അടുത്ത ആഴ്ചയിലെ യോഗാ അധ്യക്ഷനെ ഈ ആഴ്ചയിലെ യോഗത്തിൽ വച്ച് തിരഞ്ഞെടുക്കണം.
12. എല്ലാ ആഴ്ചകളിലും ആരാധന സംഗീതത്തിലെ ഒരു ഗാനം പഠിപ്പിക്കുക/ കാതോലിക്കാ മംഗളഗാനം പഠിപ്പിക്കുക
13. വിശുദ്ധ വേദപുസ്തകം എളുപ്പത്തിൽ എടുത്ത് വായിക്കുന്ന മത്സരം നടത്തുക
14. ചെറിയ ഒരു സ്തോത്രകാഴ്ച എടുക്കുക/അല്ലെങ്കിൽ മെമ്പർഷിപ്പ് ഫീസും മാസവരിയും വയ്ക്കുക.
15. സമ്മാനങ്ങൾ നൽകണം (വളരെ വിലകൂടിയത് ആകരുത്)
16. ഹെഡ്മാസ്റ്റർ/പള്ളിയിലെ മുതിർന്ന ആളുകൾ/നമ്മുടെ നല്ല സുഹൃത്തുക്കൾ/ ബാലസമാജം ചുമതലക്കാർ/കഴിവുകൾ ഉള്ള ആളുകൾ ഇവരെ വിശിഷ്ട അതിഥികളായി കൊണ്ടുവന്ന് മാസത്തിൽ ഒരു ക്ലാസ് ക്രമീകരിക്കാം.
17. അതാത് വർഷത്തെ ചിന്താവിഷയം ഒരു മിനിറ്റ് സമയമെങ്കിലും ചിന്തിക്കണം. ബാലദിനത്തിൽ പ്രസംഗിക്കാൻ ഇതു സഹായിക്കും.
18. ബാലസമാജം കലണ്ടർ അനുസരിച്ച് ഉള്ള പ്രോഗ്രാം ചർച്ച ചെയ്യണം.
19. പരിശുദ്ധ സഭയുടെയും ബാലസമാജത്തിന്റെയും ദിനങ്ങൾ കർശനമായി ആചരിക്കുക
20. കർശനമായും റിപ്പോർട്ട് സൂക്ഷിക്കുക. അത് ഇടവകയിലെ ആദ്ധ്യാത്മിക സംഘടനകളുടെ വാർഷികത്തിന് അവതരിപ്പിക്കുക
21. റ്റാലന്റ് ബോർഡ് വയ്ക്കാൻ ശ്രമിക്കുക. മാഗസിൻ റിലീസ് ചെയ്യാൻ കഴിയും.

22. ഗ്രൂപ്പ് തിരിക്കണം – 4 ഗ്രൂപ്പ്, ഒരു മാസത്തിൽ നാല് ആഴ്ച, ഓരോ ആഴ്ച ഓരോ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ യോഗം നടത്തുക.
23. ചെറിയ ഗ്രൂപ്പ് ഗെയിംസ് നടത്തണം
24. കൃതജ്ഞതാപ്രസംഗം ഒരാൾ നടത്തണം.
25. യോഗം നടക്കുന്ന ദിവസം യോഗാന്ത്യത്തിൽ പള്ളി വൃത്തിയാക്കുക

# ബാലസമാജം പ്രവർത്തകരുടെ കർത്തവ്യം

നമ്മുടെ സഭയിൽ ബാലസമാജത്തിന് മറ്റ് ആത്മിക പ്രസ്ഥാനങ്ങളെപ്പോലെ വളരുവാൻ സാധിച്ചത് ഈ പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സൺഡേ സ്കൂൾ അദ്ധ്യാപകരായ പ്രവർത്തകർ മുഖാന്തിരമാണ്.

ബാലികാ ബാലന്മാർ അപക്വമതികളാണ്. പ്രായം ചെന്നവരുടെ വളവുകളോ തിരിവുകളോ അവരിൽ കടന്നിട്ടില്ല. അതിനാൽ പക്വമതികളായ പ്രായമുള്ളവർ അവരെ വേണ്ടവണ്ണം നിയന്ത്രിച്ചു നയിക്കുമെങ്കിൽ അവർ ഉത്തമമായ ഫലം പുറപ്പെടുവിക്കാതിരിക്കില്ല. കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ അവർ കുതിച്ചു പാഞ്ഞേക്കാം. ഈ കാലഘട്ടത്തിൽ കുട്ടികൾ കടിഞ്ഞാണില്ലാതെ പായുകയാണ്. ഇതിന് ഒരു നിയന്ത്രണം ആവശ്യമാണ്. തക്കസമയത്തെ നിയന്ത്രണം കുട്ടികൾക്കു പ്രയോജനകരമാണ്.

ഒരു വള്ളി ഇളതായിരിക്കുമ്പോൾ ഇഷ്ടമുള്ള രീതിയിൽ അതിനെ വളച്ചു കൊണ്ടു പോകാം. മൂത്തു കഴിഞ്ഞാലോ അതിനെ വളയ്ക്കുന്നതിന് സാദ്ധ്യമല്ലെന്നു തന്നെയല്ല ആ പരിശ്രമം അതിനെ തകർത്തുകളയുകയും വേണ്ട നിയന്ത്രണം കൂടാതെ ചെറുപ്പകാലം കഴിച്ചിട്ടുള്ള എത്രയോ പേരാണ് തങ്ങൾക്കും കുടുംബത്തിനും സഭയ്ക്കും സമൂഹത്തിനും പ്രയോജനം കൂടാതെ ജീവിതത്തെ ഉടച്ചു കളഞ്ഞിട്ടുള്ളത്. സഭയുടെ യഥാർത്ഥപുരോഗമനം ബാലികാ ബാലന്മാരെയും യുവതീയുവാക്കളുടെയും ശരിയായ പരിശീലനത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇത് മനസ്സിലാക്കിയാണ് ബാലിക ബാലന്മാരെയും, യുവതീ യുവാക്കളെയും പരിശീലിപ്പിക്കാൻ സഭയിൽ ആത്മീയ പ്രസ്ഥാനങ്ങൾ നടപ്പിലാക്കിയത്. ഈ പ്രസ്ഥാനങ്ങൾ സഭാമക്കൾക്ക് പ്രയോജനം ചെയ്യണമെങ്കിൽ ആത്മാർത്ഥമായ സേവനവും അർപ്പണബോധവും നീതിബോധമുള്ള പ്രവർത്തകരെയാണ് ആവശ്യം.

# ബാലസമാജദിന പ്രാർത്ഥന

**ഡിസംബർ മാസത്തിൽ വി.യൂഹാനോൻ മാംദാനായുടെ ജനനത്തിന്റെ ഞായർ**

(വി.കുർബ്ബാനാനന്തരം ചൊല്ലേണ്ട പ്രാർത്ഥനയും പ്രതിജ്ഞയും)

“ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടയരുത്” എന്ന് അരുളി ചെയ്ത കർത്താവേ ഞങ്ങളുടെ കുഞ്ഞുങ്ങളെ തിരുസന്നിധിയിൽ സമർപ്പിക്കുന്നു. അവിടുന്ന് അവരെ വാഴ്ത്തണമേ. അവരുടെ വളർച്ചയുടെ ഓരോ

ഘട്ടങ്ങളിലും അവിടുത്തെ കൃപ അവർ അനുഭവിക്കുമാറാകണമെ. "പൈതൽ വളർന്നു ജ്ഞാനം നിറഞ്ഞു ആത്മാവിൽ ബലപ്പെട്ടു" എന്ന് നിന്നെപ്പറ്റി തിരുവചനത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഞങ്ങളുടെ പൈതങ്ങൾ നിന്റെ ജ്ഞാനത്തിൽ നിറഞ്ഞ് നിന്റെ ആത്മാവിൽ ബലപ്പെടുവാൻ അവിടുന്ന് സംഗതിയാക്കണമെ. നിന്റെ സത്യപാതയിൽ കൂടി നടക്കുവാൻ അവർക്ക് ഇടയാകണമെ. പഠിക്കുന്നതിനുള്ള ഉത്സാഹവും, ബുദ്ധിയും, ശക്തിയും, ആരോഗ്യവും അവർക്ക് നീ പ്രദാനം ചെയ്യണമെ. മാതാപിതാക്കളെയും ഗുരുജനങ്ങളെയും ബഹുമാനിക്കുന്നവരും, സഹോദരങ്ങളെ കരുതുന്നവരും സഭയെ സ്നേഹിക്കുന്നവരും, രാജ്യത്തിന്റെ അഖണ്ഡത കാത്തുകൊള്ളുന്നവരും ആയി, അവരെ ആക്കിത്തീർക്കേണമേ. ഞങ്ങളുടെ മാതാവായ മലങ്കര സഭയെ അവിടുന്ന് വാഴ്ത്തണമേ. ബാലജനങ്ങളെ അനുഗ്രഹിക്കണമെ. അവരുടെ വളർച്ചയ്ക്കായി പ്രവർത്തിക്കുന്ന ബാലസമാജത്തിന്റെ പ്രവർത്തനങ്ങളെയും പ്രവർത്തകരെയും അവിടുന്ന് വാഴ്ത്തണമെ. ഞങ്ങൾ അവിടുത്തേക്കും അവിടുത്തെ പിതാവിനും വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ഇപ്പോഴും എപ്പോഴും എന്നേക്കും തന്നെ. ആമ്മീൻ.

## ബാലദിന പ്രതിജ്ഞ

ഞാൻ ഭാരതത്തിന്റെ ദേശീയ സഭയായ/മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ/ബാലസമാജ അംഗമാകുന്നു. ഞാൻ എന്റെ സഭയെ സ്നേഹിക്കുന്നു.

എന്റെ രാജ്യത്തിന്റെ സംസ്കാരത്തിലും/എന്റെ സഭയുടെ പാരമ്പര്യത്തിലും ഞാൻ അഭിമാനിക്കുന്നു.എന്റെ സമസൃഷ്ടികളായ ബാലജനങ്ങളെയും മാതാപിതാക്കളെയും/സഹോദരങ്ങളെയും/ഗുരുജനങ്ങളെയും/വൃദ്ധജനങ്ങളെയും/

ഞാൻ കരുതുകയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും.ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ച്/എന്റെ ജീവിതം ക്രമീകരിക്കുമെന്നും/

എന്റെ മാതാപിതാക്കളെ/ജീവിതാന്ത്യത്തോളം സംരക്ഷിക്കുമെന്നും ഞാൻ ഉറപ്പുനൽകുന്നു. തെറ്റായ കൂട്ടുകെട്ടുകളിൽ ഉൾപ്പെടുകയില്ലെന്നുംഎന്റെ സഭയുടെയും/രാജ്യത്തിന്റെയും / സമൂഹത്തിന്റെയും / ചട്ടങ്ങളെ മറുത്തുകളയുകയില്ലെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു. പ്രകൃതിയേയും പ്രകൃതി വിഭവങ്ങളേയും/ദുർവിനിയോഗം ചെയ്യാതെ/ അവയുടെ സംരക്ഷകനായി ഞാൻ പ്രവർത്തിക്കുന്നതാണ്. ഞങ്ങളുടെ പിതാവായ / മാർത്തോമ്മാ ശ്ലീഹാ കാട്ടിത്തന്ന /വിശ്വാസ പൈതൃകത്തിൽനിന്ന് / ഞാൻ വ്യതിചലിക്കുകയില്ലെന്നും/ ഞാൻ ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

ജയ് ജയ് കാതോലിക്കോസ്
ജയ് ജയ് ബാലസമാജം
മാർ തോമാ ശ്ലീഹായുടെ സിംഹാസനം
നീണാൾ വാഴട്ടെ!

# ബാലസമാജം ഭദ്രാസന നേതൃത്വം

**Thiruvananthapuram Diocese**
Vice President : Fr. Jacob John (9947760901)
General Secretary : Roys Kunjappy (9947695060)

**Kollam Diocese**
Vice President : Fr. Mathew Alex (9446067294)
Secretary : Abhishek Thomas (8289917623)
Joint Secretary : Irin Mary Alex (7025117855)

**Kottarakkara - Punalur Diocese**
Vice President : Fr. Mathew Baby (9495167814)
Secretary : Lipin Punnan (9947221219)
Joint Secretary : Mariamma C.D. (9446523773)

**Adoor - Kadampanadu Diocese**
Vice President : Fr. P.M. Abraham (9495407782)
Secretary : Fr. Jubin Raj (9074416950)

**Mavelikkara Diocese**
Vice President : Fr. Maneesh Mathew (9995332075)
Secretary : Jibin Jacob Alex (8157023370)
Joint Secretary : Jincy Biju

**Thumpamon Diocese**
Vice President : Fr. Yohannan Sankarathil
Secretary : Fr. Abin Mathew Zacharia (9495757273)
General Secretary : Moncy Samuel (8790914142)
Secretary : Minta Mariam Varghese (8113849974)

**Chengannur Diocese**
Vice President : Fr. Joji James George (9446305122)
Secretary : Niya Anna Thomas (7012839667)
Deepu Oommen Zacharias (9605221103)

**Niranam Diocese**
Vice President : Fr. Liju P. Cherian (8301037612)
Secretary : Prasanth Santhosh (7510731016)
Joint Secretary : Rinta Susan Mohan (8921478854)

**Nilackal Diocese**
Vice President : Fr. Lijin Thomas (807588315)
Secretary : Jacob Thomas (9447595024)
Joint Secretary : Annie Toby (9495438410)

**Idukki Diocese**
Vice President : Fr. Thomas Varghese (8606146971)
Secretary : Annie Jebaraj (9288007990)
Joint Secretary : Sabu Mathew (9447202134)

**Kottayam Diocese**
Vice President : Fr. Abraham Thomas (9895683323)
Secretary : Thalin Mathews (9497756923)
Joint Secretary : Lissy Shaji (9446757933)

**Kottayam Central Diocese**
Vice President : Fr. Varghese Zachariah (9447112293)
Secretary : Sherly Mathew (9495867786)

**Kandanad West**
Vice President : Fr. Binoy Biju (9048820854)
General Secretary : Linto Paul Jacob (854706350)

**Angamaly Diocese**
Vice President : Fr. Binil Varghese (7736232575)
General Secretary : Ltd. Dr. Prasad Joseph Cheeran (9995419343)
Joint Secretary : Merin Saju (8606622660)
Joint Secretary : Alexander Biju Jacob (7510159354)


**Kochi Diocese**
Vice President : Fr. Rance Thomas (7907238938
Secretary : Julee George (9846993751)

**Kunnamkulam Diocese**
Vice President : Fr. Joseph George (9633147906)
Secretary : Merlin Reju. C (7736405727)
Joint Secretary : Austin P. Biju (9995434525)

**Malabar Diocese**
Vice President : Fr. Varghese John (8547209133)
General Secretary : Roy M. J. (9496843595)

**Sulthan Bathery**
Vice President : Fr. Anish George (9847291198)
Secretary : Aldrin Peter (9072082782)
Joint Secretary : Basil Baby (8590996821)

# അഖില മലങ്കര ബാലസമാജം കേന്ദ്ര പ്രവർത്തന സമിതി



പരി.മോറാൻ മാർ ബസേലിയോസ്
മാർത്തോമ്മാ മാത്യൂസ്
തൃതീയൻ കാതോലിക്കാ ബാവാ



അഭി. ഡോ. ജോസഫ് മാർ
ദിവന്നാസിയോസ് മെത്രാപ്പോലീത്താ
(പ്രസിഡന്റ്)



റവ. ഫാ. ചെറിയാൻ ജേക്കബ്
(വൈസ് പ്രസിഡന്റ്)



റവ. ഫാ. ജിം എം. ജോർജ്ജ്
(ജനറൽ സെക്രട്ടറി)



ശ്രീ. ലിപിൻ പുന്നൻ
((ജോയിന്റ് സെക്രട്ടറി)



ശ്രീമതി മഞ്ജു ജിസ്സൻ
((ജോയിന്റ് സെക്രട്ടറി)



ശ്രീ. തലിൻ മാത്യൂസ്
എബ്രഹാം
(ട്രഷറർ)

സത്യവചന പാതയിൽ
നിത്യജീവൻ ലക്ഷ്യമായി
നന്മയിൽ നടന്നിടാം
ഒരുമയോടെ പോയിടാം

നല്ല മാതൃകയായി
നല്ല ശീലമുള്ളോരായി
യേശുവോടു ചേർന്നു നാം
നേർവഴിയിൽ പോയിടാം

സർവ്വനാശ ഹേതുവായി
തിന്മ പാരിൽ നിറയവേ
വചനമാകും കൃപകളാൽ
നന്മയെ വളർത്തിടാം

ഇരുൾ നിറഞ്ഞ വീഥിയിൽ
ഇടറി വീണിടാതെ നാം
ലോകമാകെ നന്മതൻ
കൈത്തിരി കൊളുത്തിടാം...

Web : www.akhilamalankarabalasamajam.com
E-mail:akhilamalankarabalasamajam @gmail.com